**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5733** **08-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് കെ.എസ്.എഫ്.ഇ.യിൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; | (എ) | ഉണ്ട്; കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗ നിർദ്ദേശരേഖ15.05.2017ൽ പ്രസിദ്ധീകരിച്ചു. തുടർന്ന് ജീവനക്കാരുടെ സംഘടനകളുമായി 05.02.2021ൽ ഒപ്പുവെച്ച കരാർ പ്രകാരം പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം പൂർത്തിയാക്കുന്നതിനും കമ്പനി നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | എങ്കിൽ മേൽ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗ നിർദ്ദേശരേഖ15.05.2017ൽ പ്രസിദ്ധീകരിച്ചു. തുടർന്ന് ജീവനക്കാരുടെ സംഘടനകളുമായി 05.02.2021ൽ ഒപ്പുവെച്ച കരാർ പ്രകാരം പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം പൂർത്തിയാക്കുന്നതിനും കമ്പനി നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത വ്യവസ്ഥകൾ പൂർണമായും പാലിച്ചു കൊണ്ട് കെ.എസ്.എഫ്.ഇ.യിൽ ജീവനക്കാരുടെ സ്ഥലംമാറ്റം എന്ന് മുതൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗ നിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റം നടപ്പാക്കുന്നത്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള മാർഗ്ഗ നിർദ്ദേശരേഖ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രമിച്ചുവരികയാണ്. അതോടൊപ്പം ഓൺലൈൻ സംവിധാനം കൂടി പൂർത്തിയാക്കുന്നതോടെ പൂർണമായും മാർഗ്ഗ നിർദ്ദേശരേഖയിലെ വ്യവസ്ഥകൾ പ്രകാരം സ്ഥലംമാറ്റം നടത്താൻ സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ